മത്താ. 13:44-52

**കൈത്താക്കാലം നാലാം ഞായർ**

**2024 ജൂലൈ 28**



**ഫാ. ചാൾസ് തെറ്റയിൽ**

വചനസന്ദേശം

# സ്വർഗരാജ്യം ദൈവത്തിന്റെയും എന്റെയും തിരഞ്ഞെടുപ്പ്

ഉപമകളുടെ അധ്യായമാണ് മത്തായി 13. വിതക്കാരനിൽ തുടങ്ങി വിശദീകരണങ്ങൾ നല്കി കടുകുമണിയും പുളിമാവും കളകളും നിധിയും രത്നവും വലയും സ്വർഗരാജ്യത്തെ ഉപമിക്കാനുള്ള വഴികളാക്കുന്ന അധ്യായം. സ്വർഗരാജ്യം ദൈവത്തിന്റെയും എന്റെയും തിരഞ്ഞെടുപ്പാണ്.

ഒരിക്കൽ ഒരു കർഷകന് തന്റെ കൃഷിയിടത്തിൽ കിടന്ന് മനോഹരമായ ഒരു ശില്പം കിട്ടുന്നു. കർഷകൻ നാട്ടിലെ അറിയപ്പെടുന്ന പുരാവസ്തുക്കൾ ശേഖരിക്കുന്ന വ്യക്തിയെ കാണിക്കുന്നു. അദ്ദേഹം അത് തിരിച്ചും മറിച്ചും നോക്കിയ ശേഷം അതിനൊരു വിലയിട്ട് അത് സ്വന്തമാക്കി. കർഷകൻ തിരിച്ചുവീട്ടിലേക്കു വരുന്ന വഴിയിൽ ശില്പം വാങ്ങിയ ആ വ്യക്തിയെ ഓർത്തു ചിരിക്കാൻ തുടങ്ങി. വർഷങ്ങളായി മണ്ണിൽ പുതഞ്ഞു കിടക്കുന്ന രൂപത്തിനാണ് അയാൾ ഇത്രമാത്രം വിലയിട്ട് സ്വന്തമാക്കിയതെന്ന് ഓർത്താണ് ചിരിച്ചത്. എന്നാൽ ശില്പം വാങ്ങിയ മനുഷ്യൻ കർഷകനെ ഓർത്തു ലജ്ജിക്കാൻ തുടങ്ങി. ഇത്രമാത്രം ചാരുതയാർന്ന രൂപം നിസ്സാരമായ ചില്ലറകൾക്കുവേണ്ടി വിറ്റ അയാളുടെ ജീവിതരീതിയെ ഓർത്ത്. വിലയറിയുന്നവൻ എത്ര വിലകൊടുത്തും വാങ്ങുന്ന യാഥാർത്ഥ്യമാണ് സ്വർഗരാജ്യം. വിലയറിയാത്തവനോ നിസ്സാരമായ ലാഭങ്ങൾക്കുവേണ്ടി സന്തോഷങ്ങൾക്കുവേണ്ടി തള്ളിപ്പറയുന്ന മറ്റെന്തോ ആകുന്നു സ്വർഗരാജ്യം.

ഇന്നത്തെ സുവിശേഷം സ്വർഗരാജ്യത്തെ ഉപമയിലൂടെ അവതരിപ്പിക്കുകയാണ് നിധിയാണെന്നും, രത്നമാണെന്നും, വലയാണെന്നും പറയുമ്പോൾ സ്വർഗരാജ്യം ഒരു തിരഞ്ഞടുപ്പും നറുക്കെടുപ്പുമാണെന്ന് നമ്മൾ തിരിച്ചറിയണം. സ്വർഗരാജ്യം നമ്മൾ എത്തിച്ചേരേണ്ട ലക്ഷ്യമാണ്. ആ വഴികൾ ഞെരുക്കമുള്ളതും, ഇടുങ്ങിയതുമാണെന്ന് ഈശോ പറയുമ്പോൾ ഇത് ഞാൻ ഏറ്റെടുക്കണമോ? വേണ്ടയോ? എന്ന ചോദ്യമാണ് തിരഞ്ഞെടുപ്പ്. ഏറ്റെടുക്കുന്നവരോ സ്വർഗത്തിലേക്ക് പ്രവേശിക്കുന്നു. ഇത് ദൈവത്തിന്റെ നറുക്കെടുപ്പാണ്. പാപം ചെയ്തു എന്നതിനാൽ നറുക്കെടുപ്പിന് നാം അയോഗ്യരാകുന്നില്ല. പാപം ചെയ്താലും പശ്ചാത്തപിക്കാനുള്ള മനസ്സും, അനുതാപവുമാണ് നമ്മെ യോഗ്യരാക്കുന്നത്. സ്വർഗത്തിലേക്കുള്ള വഴിയിൽ കയ്യിൽ സൂക്ഷിക്കേണ്ട മൂന്നു കാര്യങ്ങൾ: എപ്പോഴും സന്തോഷത്തോടെയിരിക്കണം, ഇടവിടാതെ പ്രാർത്ഥിക്കണം, നന്ദി പ്രകാശിപ്പിക്കണം. സന്തോഷം ക്രിസ്തുവിനെ കണ്ടുമുട്ടുന്നവർക്കു കിട്ടുന്ന ആനന്ദമാണ്, അത് പകരുന്നതും, നിറയുന്നതും, പ്രഘോഷിക്കു

ന്നതുമാണ്. ക്രിസ്തുവിനെ കണ്ടുമുട്ടിയവർക്കൊക്കെ ഈ സന്തോഷമുണ്ടായിട്ടുണ്ട്. സക്കേവൂസും, ശിഷ്യന്മാരും, മറിയവും, ചുങ്കക്കാരനും, ഓശാന വീഥികളും സന്തോഷഗീതങ്ങൾ പാടിയവരാണ്. അതുകൊണ്ടല്ലേ സക്കേവൂസ് കണ്ടുമുട്ടിയപ്പോൾ ക്രിസ്തുവിനെ കൊണ്ട് ഭവനത്തിലേക്കും, മറ്റ് ഭവനങ്ങളിലേക്ക് ഓഹരിയായി പോയതും. കൈയ്യിൽ കരുതേണ്ട രണ്ടാമത്തേത് ഇടവിടാതെ പ്രാർത്ഥിക്കണമെന്നതാണ്. രോഗം മാറാൻ, ശാന്തി കിട്ടാൻ, മക്കളുടെ വിദ്യഭ്യാസം വിജയകരമായി പൂർത്തീകരിക്കാൻ, ഭർത്താവിന്റെ മദ്യപാനം മാറാൻ, സാമ്പത്തിക ഉയർച്ച കിട്ടാൻ പ്രാർത്ഥിക്കുന്നവരാണ് നമ്മൾ. പ്രാർത്ഥനകൾക്ക് അനുഗ്രഹങ്ങളോ, ഉത്തരങ്ങളോ കിട്ടാതെ വരുമ്പോൾ നിരാശരായി, നിസംഗരായി കുഴിമാടങ്ങളിൽ അടയ്ക്കപ്പെട്ടവർ ഏറെയുണ്ട് കത്തോലിക്കാസഭയിൽ. ഇവർ അറിയേണ്ടതും ധ്യാനിക്കേണ്ടതും ദൈവത്തിന്റെ ഭാഷയാണ്. നിശ്ശബ്ദത പോലും ദൈവത്തിന്റെ ഭാഷയാണ്. ആ നിശ്ശബ്ദതയിൽ ദൈവത്തോടു പ്രാർത്ഥിക്കുന്ന ജോബിനെ നമ്മൾ കാണണം, ബെത്സയ്ദാ കുളക്കരയിലെ തളർവാതരോഗിയെ നമ്മൾ കാണണം. തടവറയിൽ പ്രാർത്ഥിച്ചപ്പോൾ കാരാഗൃഹത്തിന്റെ അടിത്തറ കുലുക്കി, ചങ്ങലകൾ പൊട്ടിച്ച ദൈവത്തിന്റെ ഇടപെടൽ നമ്മൾ കാണണം. പ്രാർത്ഥനയിൽ സ്ഥിരതയുള്ളവർക്കും, വളർച്ചയുള്ളവർക്കുമാണ് സ്വർഗരാജ്യത്തിലെ വാതിലുകൾ തുറക്കപ്പെടുക. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുകയെന്നതാണ് മൂന്നാമത്തേത്. കടന്നുവന്ന വഴികളും, നടക്കുന്ന വഴികളും, നടക്കേണ്ട വഴികളും നന്ദിയോടെ നമ്മൾ ഓർക്കണം.

ഭൂമിയിൽ കരുണയുള്ളവരായിരിക്കുകയെന്നതും നന്ദിയുടെ മറുവശം കൂടിയാണ്. കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർക്കു കരുണ ലഭിക്കും. ഈ വാക്കുകൾ അക്ഷരാർത്ഥത്തിൽ ശരിയല്ലേ! ഒരിക്കൽ അതിരാവിലെ മരണ അറിയിപ്പുമായി ഹിന്ദുവായ ബാബു ചേട്ടൻ പള്ളിയിലേക്ക് വരുന്നു. ഭാര്യ മരിച്ചു എന്നദ്ദേഹം പറഞ്ഞു. പള്ളിയിൽ അടക്കണം കാരണം അവൾ ക്രിസ്ത്യാനിയും ഈ ഇടവകാംഗവുമാണ്. വീടും കുടുംബയൂണിറ്റും ചോദിച്ചറിഞ്ഞപ്പോൾ സാധുവായ വിവാഹബന്ധമല്ലെന്ന് അറിഞ്ഞു. മരണകാരണമാണെങ്കിൽ എച്ച് ഐ വിയും. ഇടവകയിലെ വിവിധ കമ്മിറ്റികളോട് പറഞ്ഞപ്പോൾ അവരിൽ പലരും മൃതസംസ്ക്കാരം നടത്തരുതെന്നായിരുന്നു. അപ്പോഴും നിശ്ശബ്ദനായിരുന്നു വികാരിയച്ചൻ. എല്ലാവരും പോയപ്പോൾ വിളിച്ചദ്ദേഹം ചോദിക്കുകയാണ് എന്തുചെയ്യണമെന്ന് ? തീരുമാനങ്ങൾ വൈകിയപ്പോൾ അച്ചൻതന്നെ പറഞ്ഞു. 'പാപിയാണെങ്കിലും അയാളും സ്വർഗത്തിൽ തന്നെ പോകും അനുതപിച്ചിട്ടുണ്ടെങ്കിൽ.' വലിയ ആഘോഷങ്ങൾ ഇല്ലാതെ അവളും മണ്ണിനോടും, ദൈവത്തോടും ചേർന്നു. തുടർന്ന് മരിച്ച തീയതിയിൽ എല്ലാ മാസവും ഹിന്ദുവായ ഭർത്താവ് തിരികൾ കത്തിക്കാൻ സെമിത്തേരിയുടെ വാതിൽക്കൽ വരും. ആളൊഴിയുമ്പോൾ ഫോൺ വിളിക്കും അകത്തു കയറാനുള്ള അനുവാദത്തിനായി. ഇതൊരു കരുണയുടെ ഭാവമാണ് നന്ദിയാണ് കരുണ കാണിച്ച വൈദികനോട് നന്ദി കാണിക്കുന്ന മനുഷ്യൻ. ഇതല്ലേ ഭൂമിയിലെ സ്വർഗം!

സ്വർഗരാജ്യത്തിലേക്കുള്ള വഴി നമുക്കും തിരഞ്ഞെടുക്കാം. ദൈവത്തിന്റെ തിരഞ്ഞെടുപ്പിൽ നമ്മൾ ഉണ്ടാകുമെന്ന പ്രതീക്ഷയോടെ... ഏവർക്കും ദൈവാനുഗ്രഹങ്ങൾ ഉണ്ടാകട്ടെ.